(ബി) റബ്ബറിന്റെ വിലയിടിവ് തടയുന്നതിന് കേന്ദ്രസർക്കാർ സ്വീകരിക്കേണ്ട നടപടികൾക്കായി വിശദമായ നിവേദനം തയ്യാറാക്കി, കേരള സർക്കാർ, പ്രധാനമന്ത്രിക്കും, കേന്ദ്രവാണിജ്യമന്ത്രിക്കും സമർപ്പിച്ചിട്ടുണ്ട്. തെങ്ങിനെ ബാധിച്ച മണ്ഡരി കീടബാധ തടയുന്നതിനായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തിനായും, കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനായും കേന്ദ്രത്തിൽ നിവേദനം നടത്തിയിട്ടുണ്ട്.

(സി) കേരള സർക്കാർ സമർപ്പിച്ച മേൽ നിവേദനത്തിൽ അനുഭവപൂർവ്വം പരിഗണിക്കാമെന്ന് ഉറപ്പു നല്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. ടി.സി. റബ്കോ തുടങ്ങിയ സർക്കാർ ഏജൻസികൾ വഴിയുള്ള റബ്ബർ സംഭരണം കൊപ്രയുടെ താങ്ങുവില പ്രഖ്യാപനം സർക്കാർ ഏജൻസികൾ വഴിയുള്ള കൊപ്ര സംഭരണം തുടങ്ങിയവ വിലസ്ഥിരതക്ക് വേണ്ടിയുള്ള പദ്ധതികളാണ്. നെല്ലിന്റെ വിലയിടിവ് തടയുന്നതിനായി കുട്ടനാട്, തൃശ്ശൂർ, പാലക്കാട് മേഖലകളിലെ പ്രാദേശിക സഹകരണ സംഘങ്ങൾ വഴി ന്യായവിലയ്ക്ക് നെല്ല് സംഭരിക്കാറുണ്ട്. ഈ നെല്ല് അരിയാക്കി വിതരണം ചെയ്യുന്നതിന് മൂന്ന് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ "വിലസ്ഥിരത നിലനിറുത്തുന്നതിനുള്ള ഫണ്ട്" എന്ന പദ്ധതി 1991-1992 മുതൽ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.

കാർഷിക വിള ഇൻഷ്വറൻസ്

10 (*216) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇസഹാക് കുരിക്കൾ :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വിളകൾക്ക് മുഴുവൻ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ സമഗ്രവിള ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടി നിയമ നിർമ്മാണം നടത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനു വേണ്ടിയുള്ള നടപടി എത്രത്തോളമായി ;

(സി) നിയമനിർമ്മാണം എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ആലോചിക്കുന്നില്ല.

(ബ & സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly